# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1961 | 06.02.2019- ൽ മറുപടിയ്ക്ക്

### പ്രവാസികളുടെ മടങ്ങിവരവ്

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | എണ്ണവില ഇടിഞ്ഞതിനെ തുടർന്ന് സമ്പദ് വ്യവസ്ഥയിലുണ്ടായ മാറ്റവും പൊതു - സ്വകാര്യ മേഖലകളിൽ തദ്ദേശീയർക്ക് കൂടുതൽ തൊഴിലവസരം നൽകികൊണ്ടുള്ള ഗൾഫ് രാജ്യങ്ങളിലെ നിയമവും സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് ജോലി തേടി പോകുന്നവരുടെ എണ്ണത്തിൽ കുറവുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം 2013-2018 കാലയളവിൽ സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് ജോലി തേടി പോകുന്നവരുടെ എണ്ണത്തിൽ 13.1 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. |
| ബി) | ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | കേരളത്തിന്റെ സമ്പദ്ഘടനയിൽ, പ്രവാസികളുടെ വിദേശ നിക്ഷേപം ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ, വിദേശ കുടിയേറ്റം കുറയുന്നത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നു എന്നത് വസ്തുതയാണ്. എന്നാൽ മുൻ വർഷങ്ങളേക്കാൾ കുടിയേറ്റത്തിന്റെ തോതിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പ്രവാസികളുടെ നിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| സി) | ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കുറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്തെ അഭ്യസ്തവിദ്യർ ഇപ്പോൾ ഏതൊക്കെ | സി) | ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കുറഞ്ഞ സാഹചര്യത്തിൽ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ കൂടുതലായി കാനഡ, യു.കെ., അമേരിക്ക |

| | | |
|---|---|---|
| | രാജ്യങ്ങളിലേക്കാണ് കൂടുതലായി തൊഴിൽ തേടി പോകുന്നതെന്നതിന്റെ വിശദാംശം സർക്കാരിന്റെ കൈവശമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശം ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ